പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 262

# 2025-ലെ കേരള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവനകാര്യങ്ങൾക്കുള്ള ട്രിബ്യൂണൽ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 262

**2025-ലെ കേരള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവനകാര്യങ്ങൾക്കുള്ള ട്രിബ്യൂണൽ ബിൽ**

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

827/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 262

# 2025-ലെ കേരള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവനകാര്യങ്ങൾക്കുള്ള ട്രിബ്യൂണൽ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെയും കോളേജു കളിലെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവനകാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികളും തർക്കങ്ങളും ഫലപ്രദമായും കാലവിളംബം കൂടാതെയും തീർപ്പാക്കുന്നതിന് ഒരു വിദ്യാഭ്യാസ സേവന ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ ക്കുമായി വ്യവസ്ഥ ചെയ്യുന്നതിനുമായി

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന കാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികളും തർക്കങ്ങളും ഫലപ്രദമായും വേഗത്തിലും തീർപ്പാക്കുന്നതിനായി ഒരു വിദ്യാഭ്യാസ സേവന ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.— (1) ഈ ആക്റ്റിന് 2025-ലെ കേരള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന കാര്യങ്ങൾക്കുള്ള ട്രിബ്യൂണൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.— ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനം" എന്നാൽ സർക്കാരിൽ നിന്നോ യൂണിവേഴ്സിറ്റിയിൽ നിന്നോ സാമ്പത്തിക സഹായത്തിന് അർഹതയുള്ളതും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതുമായ സ്കൂൾ, കോളേജ് അല്ലെങ്കിൽ അപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നു;

(ബി) "സേവനകാര്യം" എന്നാൽ ഒരു അദ്ധ്യാപകന്റെയോ അനദ്ധ്യാപകന്റെയോ സേവനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നർത്ഥമാകുന്നു;

(സി) "ട്രിബ്യൂണൽ" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ട്രിബ്യൂണൽ എന്നർത്ഥമാകുന്നു;

(ഡി) "വിജ്ഞാപനം" എന്നാൽ സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എഫ്) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ജി) "ചെയർപേഴ്സൺ" എന്നാൽ ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(എച്ച്) "ബെഞ്ച്" എന്നാൽ കേരള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന കാര്യങ്ങൾക്കുള്ള ട്രിബ്യൂണലിൻറെ ബെഞ്ച് എന്നർത്ഥമാകുന്നു;

(ഐ) "വിദ്യാഭ്യാസ സ്ഥാപനം" എന്നാൽ കേരളത്തിലെ അതത് യൂണിവേഴ്സിറ്റി നിയമപ്രകാരമോ 1958-ലെ കേരള വിദ്യാഭ്യാസ നിയമം (1959-ലെ 6) പ്രകാരമോ നിയന്ത്രിക്കപ്പെടുന്ന സ്വകാര്യ മേഖലയിലെ എയ്ഡഡ് കോളേജോ സ്കൂളോ എന്നർത്ഥമാകുന്നു;

(ജെ) "മാനേജ്മെന്റ്" എന്നാൽ ഒരു ഭരണ സമ്പ്രദായ പ്രകാരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട സമിതി എന്നർത്ഥമാകുന്നതും അതിൽ അപ്രകാരമുള്ള സ്ഥാപനത്തിന്റെ കാര്യനിർവ്വഹണത്തിന് അധികാരികതയുള്ള മാനേജർ അല്ലെങ്കിൽ അങ്ങനെയുള്ള വ്യക്തി ഉൾപ്പെടുന്നതുമാകുന്നു;

(കെ) "അംഗം" എന്നാൽ ട്രിബ്യൂണലിലെ അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(എൽ) "അദ്ധ്യാപകൻ" എന്നാൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള അഫിലിയേറ്റ് ചെയ്ത ഏതെങ്കിലും എയ്ഡഡ് കോളേജിൽ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ വ്യവസ്ഥകൾ പ്രകാരവും യൂണിവേഴ്സിറ്റി നിയമപ്രകാരവും നിയമിക്കപ്പെട്ടതും വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് നിയോഗിച്ചിട്ടുള്ളതുമായ പ്രിൻസിപ്പൽ ഉൾപ്പെടെയുള്ളയാളോ, സംസ്ഥാനത്തെ പ്രീ-പ്രൈമറി, പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി മേഖലകളിലായി 1958-ലെ കേരള വിദ്യാഭ്യാസ നിയമം (1959-ലെ 6) പ്രകാരം ഏതെങ്കിലും സ്വകാര്യ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ ഉൾപ്പെടെയുള്ളയാളോ എന്നർത്ഥമാകുന്നു;

(എം) "അനദ്ധ്യാപകൻ" എന്നാൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള ഏതെങ്കിലും കോളേജിൽ അത് അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂണിവേഴ്സിറ്റി നിയമപ്രകാരം വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത് ഒഴികെയുള്ള ജോലിക്കായോ സംസ്ഥാനത്തെ പ്രീ-പ്രൈമറി, പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി മേഖലകളിലായി 1958-ലെ കേരള വിദ്യാഭ്യാസ നിയമം (1959-ലെ 6) പ്രകാരം വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതൊഴികെയുള്ള ജോലിക്കായോ നിയോഗിക്കപ്പെട്ടയാൾ എന്നർത്ഥമാകുന്നു.

3. <u>കേരള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന കാര്യങ്ങൾക്കുള്ള ട്രിബ്യൂണൽ.</u>—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രബല്യത്തിൽ വന്നശേഷം കഴിയുന്നത്രവേഗം, ഈ ആക്റ്റ് പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി "കേരള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന കാര്യങ്ങൾക്കുള്ള ട്രിബ്യൂണൽ" എന്ന പേരിൽ ഒരു ട്രിബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ട്രിബ്യൂണൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കേണ്ടതാണ്, അതായത്:—

(i) റിട്ടയർ ചെയ്ത ഒരു ഹൈക്കോടതി ജഡ്ജി - ചെയർപേഴ്സൺ;

(ii) റിട്ടയർ ചെയ്ത ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരാൾ - അംഗം;

(iii) റിട്ടയർ ചെയ്ത ഗവൺമെൻറ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാൾ - അംഗം.

(3) സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് സെക്രട്ടറിയേയും ആവശ്യമായേക്കാവുന്ന മറ്റ് ജീവനക്കാരേയും നിയമിക്കാവുന്നതാണ്. ചെയർപേഴ്സണേയും അംഗങ്ങളേയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സെക്രട്ടറിയും മറ്റ് ജീവനക്കാരും അവരുടെ കർത്തവ്യ നിർവ്വഹണത്തിൽ ചെയർപേഴ്സന്റെ ഭരണ നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ്.

(5) ട്രിബ്യൂണലിന്റെ ആവശ്യത്തിലേയ്ക്കായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(6) ട്രിബ്യൂണലിന്റെ പ്രവർത്തനത്തിന് വേണ്ട സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ചെയർപേഴ്സൺ വിനിയോഗിക്കേണ്ടതാണ്.

(7) ട്രിബ്യൂണലിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്ന എല്ലാ വ്യവഹാരങ്ങളും തർക്കങ്ങളും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികളിലും ട്രിബ്യൂണൽ വിചാരണയും ന്യായനിർണ്ണയവും നടത്തുന്നതിന് അധികാരിതയുള്ള ഏതൊരു സിവിൽ കോടതിയും വിനിയോഗിക്കുന്ന എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(8) ചെയർപേഴ്സണോ, ചെയർപേഴ്സൺ ഇതിലേയ്ക്കായി അധികാരപ്പെടുത്തുന്ന ട്രിബ്യൂണലിലെ ഏതെങ്കിലും അംഗത്തിനോ ചെയർപേഴ്സൺ അധികാരപ്പെടുത്തിയ പ്രകാരമുള്ള സംഗതികളിൽ ഒറ്റ അംഗം അടങ്ങുന്ന ബെഞ്ചായി സിറ്റിംഗ് നടത്തുന്നതിനും ട്രിബ്യൂണലിന്റെ അധികാരിതയും ചുമതലകളും അധികാരങ്ങളും വിനിയോഗിക്കുന്നതിനും ക്ഷമതയുണ്ടായിരിക്കുന്നതാണ്.

(9) ട്രിബ്യൂണലിന്റെ ആസ്ഥാനം എറണാകുളം ആയിരിക്കുന്നതാണ്.

4. <u>ട്രിബ്യൂണലിന്റെ കാലാവധിയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും.</u>—(1) ചെയർപേഴ്സൺ ഉൾപ്പെടെ ട്രിബ്യൂണലിലെ അംഗങ്ങളുടെ കാലാവധി അഞ്ച് വർഷം ആയിരിക്കുന്നതാണ്:

എന്നാൽ, സർക്കാരിന് ആവശ്യമെന്ന് തോന്നുന്നപക്ഷം കാലാവധി അപ്രകാരമുള്ള കാലയളവിലേയ്ക്ക് നീട്ടി നൽകാവുന്നതാണ്.

(2) ഒരംഗത്തിന് ഏത് സമയത്തും സ്വന്തം കൈപ്പടയിൽ ഗവർണ്ണർക്ക് എഴുതി അറിയിച്ചുകൊണ്ട് അദ്ദേഹത്തിൻറെ സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3)ട്രിബ്യൂണലിലെ ഏതെങ്കിലും അംഗം (2)-ാം ഉപവകുപ്പ് പ്രകാരം രാജിവച്ച കാരണത്താലോ മറ്റ് വിധത്തിലോ ഉണ്ടാകുന്ന ഒഴിവ് ഈ ആക്റ്റിലെ 3-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് നികത്തേണ്ടതാണ്:

എന്നാൽ, അപ്രകാരം നിയമിക്കപ്പെടുന്ന ഒരു വ്യക്തി ആരുടെ സ്ഥാനത്തേയ്ക്കാണോ നിയമിക്കപ്പെട്ടത് ആ വ്യക്തിയുടെ അവശേഷിക്കുന്ന കാലയളവുവരെ മാത്രം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(4) സർക്കാരിന്, ഏതെങ്കിലും അംഗത്തെ, അദ്ദേഹം,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ;

(ബി) ശാരീരികമോ/മാനസികമോ ആയ അവശതമൂലം ജോലിയിൽ തുടരുന്നതിന് അയോഗ്യനായി തീരുകയോ;

(സി) സ്ഥിരബുദ്ധി ഇല്ലാതായി തീരുകയും അധികാരിതയുള്ള സ്ഥാനം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ;

(ഡി) അസാന്മാർഗ്ഗിക പ്രവർത്തനം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയോ;

(ഇ) തൽസ്ഥാനത്ത് തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമാക ത്തക്കവിധം തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സർക്കാരിന് ബോദ്ധ്യമാകുകയോ; ചെയ്യുന്നപക്ഷം അയാളെ നീക്കം ചെയ്യാവുന്നതാണ്;

എന്നാൽ, അപ്രകാരം ചെയ്യുന്നതിന് മുൻപായി അദ്ദേഹത്തിന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

(5) ട്രിബ്യൂണൽ കാര്യനിർവ്വഹണത്തിനായി അതിന്റേതായ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്.

(6) ട്രിബ്യൂണൽ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. ട്രിബ്യൂണലിന്റെ അധികാരങ്ങളും ചുമതലകളും.— (1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനായി ആവശ്യമായ അപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ട്രിബ്യൂണലിന് ഉണ്ടായിരിക്കുന്നതാണ്, പ്രത്യേകിച്ചും:—

(എ) സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഏതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട പരാതികളുടെ തീർപ്പാക്കൽ;

(ബി) അപ്രകാരമുള്ള ജീവനക്കാരുടെ സേവന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് എല്ലാ പരാതികളുടെയും തീർപ്പാക്കൽ;

(സി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെതിരായ ജീവനക്കാരുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുക;

(ഡി) സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ തിരായി രക്ഷകർത്താക്കളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുക;

(ഇ) പരാതികൾ തീർപ്പാക്കുന്നതുമായോ പൊതുവിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസത്തിനായുള്ള സ്വകാര്യ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ ട്രിബ്യൂണലിലേയ്ക്ക് ഏൽപ്പിച്ചുകൊടുക്കുന്ന അപ്രകാരമുള്ള വിഷയങ്ങളിന്മേൽ നിർദ്ദേശം/പരിഹാരം കണ്ടെത്തൽ;

(എഫ്) ട്രിബ്യൂണലിന് നടത്തേണ്ടതായ അന്വേഷണവുമായി ബന്ധപ്പെട്ട് അതിന്റെ സിറ്റിംഗ് നടത്തുന്നതിനുള്ള സമയം, സ്ഥലം എന്നിവ കൂടാതെ പരസ്യമായോ അല്ലാതെയോ സിറ്റിംഗ് ആവശ്യമെന്ന് അതിന് തോന്നുന്നപക്ഷം അപ്രകാരമുള്ള സിറ്റിംഗ് നടത്താവുന്നതാണ്;

(ജി) ട്രിബ്യൂണലിന് ഈ ആക്റ്റിലോ അതിൻ കീഴിലോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന ആവശ്യത്തിലേയ്ക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൽ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യപ്പെടുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പ് വരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ii) ഏതെങ്കിലും രേഖ കണ്ടെടുക്കുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(iii) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(iv) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും അല്ലെങ്കിൽ സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിനും;

(v) തീരുമാനമെടുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും വസ്തുവോ സാധനമോ പരിശോധിക്കുന്നതിനും;

(vi) ഏതെങ്കിലും കോടതിയിൽനിന്നോ ഓഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിൻറെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(vii) നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള മറ്റേതെങ്കിലും കാര്യത്തിനും.

6. ട്രിബ്യൂണലിന്റെ സിറ്റിംഗുകൾ.— ട്രിബ്യൂണലിന് അത് നിശ്ചയിച്ചേക്കാവുന്ന പ്രകാരം അങ്ങനെയുള്ള സ്ഥലങ്ങളിലും അങ്ങനെയുള്ള സമയങ്ങളിലും അതിന്റെ സിറ്റിംഗുകൾ നടത്താവുന്നതാണ്.

7. ട്രിബ്യൂണലിന്റെ അധികാര നിർവ്വഹണം.— തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ വിധിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ട്രിബ്യൂണലിന് ഈ ആക്റ്റോ അതിൻകീഴിലുള്ള ചട്ടങ്ങളോ പ്രകാരം അധികാര നിർവ്വഹണം ആരംഭിക്കുന്നതുമുതൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന കാര്യങ്ങളുമായി ബന്ധപ്പെട്ട യാതൊരു സംഗതിയും സുപ്രീംകോടതി ഒഴികെയുള്ള ഏതെങ്കിലും കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ അധികാരപരിധിയിൽ പെടുന്നതായിരിക്കുകയില്ല.

8. റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.— ട്രിബ്യൂണലിന് അതിന്റെ നടപടികൾ ക്രമീകരിക്കുന്നതിലേയ്ക്കായി സർക്കാരിന്റെ മുൻകൂർ അനുവാദത്തിന് വിധേയമായും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോവിരുദ്ധമാകാതെയും ആവശ്യമെന്ന് കരുതുന്ന അത്തരം വിഷയങ്ങളിൽ റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

9. നടപടിക്രമങ്ങൾ നീതിന്യായ നടപടികളായി കരുതപ്പെടേണ്ടതാണെന്ന്.—ട്രിബ്യൂണലിന്റെ മുമ്പാകെയുള്ള എല്ലാ നടപടിക്രമങ്ങളും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 219-ഉം 228-ഉം വകുപ്പുകളുടെയോ ഭാരതീയ ന്യായസംഹിതയുടെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 229-ഉം 257-ഉം 267-ഉം വകുപ്പുകളുടെയോ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന നീതിന്യായ നടപടികളായി കരുതപ്പെടേണ്ടതാണ്.

10. ട്രിബ്യൂണലിലെ ചെയർപേഴ്സണും അംഗങ്ങളും ഉദ്യോഗസ്ഥരും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.— ട്രിബ്യൂണലിലെ ചെയർപേഴ്സണേയും മറ്റ് അംഗങ്ങളേയും സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരേയും 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെയോ അല്ലെങ്കിൽ 2023-ലെ ഭാരതീയ ന്യായസംഹിതയിലെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (28)-ാം ഉപവകുപ്പിന്റെയോ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

11. അപ്പീലുകൾ.— (1) ട്രിബ്യൂണൽ പാസ്സാക്കിയ തീരുമാനത്തെ എതിർക്കുന്ന ഏതൊരാളിനും ആ തീരുമാനത്തിൻറെ തീയതി മുതൽ അറുപതു ദിവസത്തിനകം പ്രസ്തുത തീരുമാനത്തിനെതിരെ ഹൈക്കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലിൽ സാരവത്തായ ഒരു നിയമപ്രശ്നം ഉൾപ്പെടുന്നുണ്ടെങ്കിൽ മാത്രം ഹൈക്കോടതി സ്വീകരിക്കേണ്ടതും വസ്തുതകളുടെ മാത്രം അടിസ്ഥാനത്തിലുള്ള ഒരു അപ്പീൽ സ്വീകരിക്കേണ്ടതല്ലാത്തതുമാണ്.

(2) അപ്പീൽ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ആയിരിക്കേണ്ടതും സത്യബോധപ്പെടുത്തിയിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന ഫീസോടുകൂടിയതും ആയിരിക്കേണ്ടതുമാണ്.

12. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.— ഈ ആക്റ്റിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ട്രിബ്യൂണൽ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ തീർപ്പുകൽപ്പിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

13. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.— (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

14. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.— (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, സന്ദർഭം ആവശ്യപ്പെടുന്നവിധം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതുമായ ഏത് കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും നൽകുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ എയ്ഡഡ് സ്കൂൾ, കോളേജുകൾ എന്നിവ വളരെയധികം പ്രവർത്തിക്കുന്നു. 2022-23-ലെ കണക്കുകൾ പ്രകാരം കേരളത്തിലെ ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളിൽ 9030 പേർ (55.6%) സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരാണ്. ഉന്നത വിദ്യാഭ്യാസരംഗത്താകട്ടെ ആകെയുള്ള 230 ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ 164 കോളേജുകൾ സ്വകാര്യ എയ്ഡഡ് കോളേജുകളാണ്. (2023-ലെ സാമ്പത്തിക അവലോകനം, വാല്യം 1, 2).

2. സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനചുമതല വഹിക്കുന്ന മാനേജ്മെന്റ്, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിങ്ങനെ വലിയ ഒരു വിഭാഗം സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നു. ഇത്തരം സ്വകാര്യ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക സ്റ്റാഫംഗങ്ങളുടെ സേവനം, വേതനം, ആനുകൂല്യങ്ങൾ, അവധി, പെൻഷനാനുകൂല്യങ്ങൾ തുടങ്ങിയവയുമായും മാനേജുമെന്റുമായും ബന്ധപ്പെട്ട നിരവധി പരാതികളും കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളും കോടതികളിൽ പ്രത്യേകിച്ചും ഹൈക്കോടതിയുടെ പരിഗണനയ്ക്കായി എത്തുകയാണ് പതിവ്. പരാതികളുടെ വിപുലത കോടതികളുടെ പ്രവർത്തനത്തെ ബാധിക്കുന്നത് കൂടാതെ അവ തീർപ്പാക്കുന്നതിൽ കാലദൈർഘ്യം ആവശ്യമാകുന്ന സ്ഥിതി സൃഷ്ടിക്കുന്നു. സംസ്ഥാനത്തെ സർക്കാർ മേഖലയിലെ ജീവനക്കാർ തങ്ങളുടെ സേവനകാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുന്നതിന് സാധിക്കുന്നതുപോലെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സേവന കാര്യങ്ങളുമായി ബന്ധപ്പെട്ട സങ്കടങ്ങൾക്ക് യഥോചിതം പരിഹാരം കണ്ടെത്തുന്നതിന് ആ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു ട്രിബ്യൂണൽ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. കേസ്സുകളുമായി

ബന്ധപ്പെട്ട് കോടതികളുടെ ഭാരം കുറയ്ക്കുന്നതിനും പരാതിക്കാരന് യഥാസമയം നീതി ലഭ്യമാക്കുന്നതിനും പ്രസ്തുത ട്രിബ്യൂണൽ മുഖേന സാധിക്കുന്നതാണ്. ട്രിബ്യൂണലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം പ്രകാരമുള്ള ട്രിബ്യൂണലിന്റെ രൂപീകരണം, ദൈനംദിന പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട് ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ വരുന്നതാണ്. ചെലവുകളുടെ കൃത്യത ട്രിബ്യൂണൽ രൂപീകരിച്ചതിന് ശേഷം നിർണ്ണയിക്കുന്നതിലാശ്രയിച്ചിരിക്കുന്നു. എങ്കിലും പ്രാരംഭ ഘട്ടത്തിൽ 100 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം ആക്റ്റ് പ്രാബല്യത്തിൽ വരേണ്ട തീയതി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഗസറ്റ് വിജ്ഞാപനം മുഖേന ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 3-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം ട്രിബ്യൂണലിനെ സഹായിക്കുന്നതിനായി സെക്രട്ടറിയേയും ആവശ്യമായ ജീവനക്കാരെയും നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 3-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം ട്രിബ്യൂണൽ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും സേവന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 3-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം ചെയർപേഴ്സന്റെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 4-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 11-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം അപ്പീൽ അപേക്ഷയുടെ ഫാറത്തിന്റെ മാതൃകയും അപേക്ഷയ്ക്കുള്ള ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയാകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. എൻ. ജയരാജ്, എം. എൽ. എ.